പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4376

27.06.2013-ൽ മറുപടി നൽകേണ്ടത്

# സീറോ ലാന്റ്ലസ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഭൂമി വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സീറോ ലാന്റ്ലസ് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര പേർക്കാണ് ഭൂമി നൽകുന്നതെന്ന് അറിയിക്കാമോ ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് വേണ്ടി കാസർഗോഡ് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള വിവിധതരം സർക്കാർ ഭൂമി സർവേ ചെയ്ത് 3 സെന്റ് പ്ലോട്ടുകൾ തിരിക്കുന്ന നടപടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. ഈ പ്രവർത്തനം പൂർത്തിയാകുമ്പോൾ ലഭ്യമാകുന്ന പ്ലോട്ടുകളുടെ എണ്ണത്തിനനുസൃതമായി ഗുണഭോക്താക്കൾക്ക് ഭൂമി നൽകാൻ കഴിയുന്നതാണ്. നിലവിൽ 38,000 പ്ലോട്ടുകൾ കാസർഗോഡ് ജില്ലയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ കാസർഗോഡ് ജില്ലക്കാരായ എത്ര പേർ ഉണ്ടെന്ന് അറിയിക്കുമോ; | (ബി) കാസർഗോഡ് ജില്ലയിൽ നിന്നും 12727 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള നടപടികൾ ജില്ലയിൽ കൈക്കൊണ്ട് വരികയാണ്. ജില്ലയിലെ ഭൂരഹിതരായ മുഴുവൻ പേർക്കും ഈ ജില്ലയിൽ നിന്നു തന്നെ ഭൂമി നൽകുവാൻ കഴിയുന്നതാണ്. |

(സി) പിന്നോക്ക ജില്ലയായ കാസർഗോഡ് , പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മറ്റും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി നീക്കി വെച്ച പൊതുസ്ഥലങ്ങൾ മേൽ പദ്ധതി പ്രകാരം നൽകുന്നത് ജില്ലയുടെ വികസനത്തെ ഭാവിയിൽ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി നീക്കി വച്ച സർക്കാർ ഭൂമികൾ ഒന്നും തന്നെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് ഉപയോഗിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല.

(ഡി) അതാത് ജില്ലയിലുള്ളവർക്ക് അവരുടെ ജില്ലയിൽ തന്നെ സ്ഥലം കണ്ടെത്തി മേൽ പദ്ധതിയിൽ ഭൂമി നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

(ഡി) നിലവിലെ റിപ്പോർട്ടുകൾ പ്രകാരം കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിലൊന്നും ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്യാൻ ആവശ്യമായ ഭൂമി പൂർണ്ണമായും ലഭ്യമായിട്ടില്ല. ഗുണഭോക്താക്കൾക്ക് അതാത് വില്ലേജിൽ തന്നെ ഭൂമി നൽകാനാണ് പ്രധാനമായും സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ ഭൂമിയുടെ ദൗർലഭ്യം കാരണം മറ്റ് വില്ലേജുകൾ, താലൂക്കുകൾ അല്ലെങ്കിൽ ജില്ലകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യതയുടെ അടിസ്ഥാനത്തിൽ ഭൂമി നൽകേണ്ടി വരുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്.

സെക്ഷൻ ഓഫീസർ